കൂടുതൽ ആരോപണങ്ങൾ തികച്ചും സാങ്കേതികമായിട്ടുള്ളവയാകയാൽ ഒരു സാങ്കേതിക വിദഗ്ദ്ധനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് അഡീഷണൽ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയുണ്ടായി. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ സുരഭിയുടെ ക്രമക്കേടുകളെക്കുറിച്ച് 'റിയാബി'നെക്കൊണ്ട് അന്വേഷിപ്പിക്കുകയും 'റിയാബി'ന്റെ വിശദമായ റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 'റിയാബി'ന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്.

(7) തളിപ്പറമ്പ് താലൂക്കാശുപത്രിയിൽ വിദഗ്ധ ചികിൽസാ സംവിധാനം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ : സർ, തളിപ്പറമ്പ് താലൂക്കാശുപത്രി പരിയാരം മെഡിക്കൽ കോളേജിന്റെ ഭാഗമാക്കി മാറ്റുന്നതിന് ഗവൺമെന്റ് തീരുമാനിക്കുകയും കഴിഞ്ഞ ഒരു വർഷത്തിലധികമായി മെഡിക്കൽ കോളേജിന്റെ ഭാഗമായി നല്ല നിലയിൽ പ്രവർത്തിച്ചു വരികയുമായിരുന്നു. ആദ്യം താലൂക്കാശുപത്രി മെഡിക്കൽ കോളേജിന്റെ ഭാഗമാക്കി മാറ്റാൻ തീരുമാനിച്ചപ്പോൾ സൗജന്യ ചികിൽസ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുമോ എന്ന ഉത്കണ്ഠ ജനങ്ങൾക്ക് ഉണ്ടായിരുന്നു. എന്നാൽ മെഡിക്കൽ കോളേജിന്റെ ഭാഗമാക്കി മാറ്റപ്പെട്ടപ്പോൾ നല്ല നിലയിലുള്ള ചികിൽസ തന്നെയാണ് പാവപ്പെട്ടവർക്ക് ലഭിക്കുന്നത്. താലൂക്കാശുപത്രിയിലുള്ള ചികിൽസോപകരണങ്ങൾ മെഡിക്കൽ കോളേജിന്റെ ഭാഗമാക്കി മാറ്റിയ പശ്ചാത്തലത്തിൽ അതെല്ലാം പഴയതാണ് എന്നു പറഞ്ഞുകൊണ്ട് അത് കണ്ടം ചെയ്യുന്ന നിലയുണ്ടായി. പുതിയ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. ആദ്യം ഞാൻ പറഞ്ഞതുപോലെ നല്ല ചികിൽസ തന്നെ അവിടെ ലഭിക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ 16-ാം തീയതി പരിയാരം മെഡിക്കൽ കോളേജിന്റെ ഭാഗമാക്കി മാറ്റപ്പെട്ട തളിപ്പറമ്പ് താലൂക്കാശുപത്രിയെ സ്വതന്ത്രമാക്കുകയു താലൂക്കാശുപത്രിയായി പ്രവർത്തിപ്പിക്കാൻ അനുവദിക്കുകയും ചെയ്തിരിക്കുകയാണ്. പത്തുപതിനഞ്ചു ഡോക്ടർമാരുടെ സേവനം ലഭിച്ച പരിയാരം മെഡിക്കൽ കോളേജിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്ന പ്രസ്തുത താലൂക്കാശുപത്രിയിൽ ഇപ്പോൾ യാതൊരു സംവിധാനവുമില്ല. അവിടെ സൗകര്യങ്ങളേർപ്പെടുത്തുന്നതിനുമുമ്പ് അവരെല്ലാംതന്നെ പഴയ ലാവണത്തിലേക്ക് തിരിച്ചു പോവുകയാണ് ചെയ്തിട്ടുള്ളത്. പത്തു ഡോക്ടർമാരുടെ സേവനം താലൂക്കാശുപത്രിയിൽ ഇതിനുമുമ്പ് ലഭിച്ചതായിരുന്നു. ഇന്ന് രാവിലെ അവിടെ നിന്നു കിട്ടിയിട്ടുള്ള വിവരം രണ്ട് ഡോക്ടർമാർ മാത്രമാണ് ഇന്നലെ അവിടെ ഉണ്ടായിരുന്നത്. ഒ.പി. മാത്രമേ നടക്കുന്നുള്ളു. 400-ഓളം കിടക്കകളുണ്ട്. മലയോര മേഖലയിലെ ആകെ, ആ പ്രദേശത്തെ മുഴുവൻ ജനങ്ങളുടേയും ഏക ആശ്രയമായി പ്രവർത്തിച്ചിരുന്ന ഈ താലൂക്കാശുപത്രിയുടെ പ്രവർത്തനം വളരെ പരിതാപകരമായ ഒരവസ്ഥയിലാണ് ഇപ്പോൾ ഉള്ളത്. പഴയ താലൂക്കാശുപത്രിയുടെ ഉപകരണങ്ങൾ മുഴുവൻ കണ്ടം ചെയ്ത് മാറ്റുകയും മെഡിക്കൽ കോളേജിന്റെ ഭാഗമായി ഉണ്ടായിരുന്ന ഉപകരണങ്ങൾ മുഴുവൻ തിരിച്ചു കൊണ്ടു പോകാൻ വേണ്ടി ശ്രമം നടത്തുകയും ചെയ്തപ്പോൾ നാട്ടുകാർ ഇടപെട്ട് തൽക്കാലത്തേക്ക് ചില ഉപകരണങ്ങൾ മാറ്റാൻ അനുവദിക്കാത്ത നിലയിലായിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഡോക്ടർമാരേയും അതുപോലെതന്നെ അത്യാവശ്യം വേണ്ട ജീവനക്കാരേയും മറ്റു ആളുകളേയും നിയമി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുകൊണ്ട് ഈ ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടി നടപടിയുണ്ടാകണം താലൂക്കാശുപത്രിയുടെ ചുമതല ഇപ്പോൾ മുനിസിപ്പാലിറ്റിക്കാണ് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ മേയ് മാസം അടയ്ക്കാൻ ബാക്കിയുള്ള ഇലക്ട്രിസിറ്റി ചാർജ്ജ് 17,000 രൂപ വരും. ആ 17,000/- രൂപ അടച്ചു തീർക്കുന്നില്ലെങ്കിൽ അടുത്ത മാസം ആകുമ്പോൾ അവിടെ പൂർണ്ണമായും ഇല്ക്ട്രിസിറ്റി കണക്ഷൻ കട്ട്ചെയ്യുന്ന സ്ഥിതിയുണ്ടാകുകയും ചെയ്യും. മെഡിക്കൽകോളേജ് അധികൃതർ ഈ 17,000/- രൂപയുടെ ബാദ്ധ്യത അടച്ചുതീർക്കാതിരിക്കുകയാണ്. താലൂക്കാശുപത്രിയുടെ നവീകരണത്തിന് കണ്ണൂർ ജില്ലയിൽ ഒരു പുതിയ സ്കീമുണ്ടാക്കുന്നതിനായി ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായി ഒരു യോഗം വിളിച്ചു ചേർത്തപ്പോൾ എം.എൽ.എ.മാർ ഉൾപ്പെടെ പങ്കെടുത്ത സന്ദർഭത്തിൽ ഈ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ അന്ന് മെഡിക്കൽ കോളേജിന്റെ ഭാഗമായി മാറ്റിയിരുന്ന തളിപ്പറമ്പ് താലൂക്കാശുപത്രിക്കുമാത്രം നവീകരണത്തിനുവേണ്ടിയുള്ള ഫണ്ട് വിനിയോഗിക്കാൻ അനുവദിക്കാത്ത നിലയിലാണ്. ഇതെല്ലാംകൂടി പരിഗണിച്ച് മുമ്പുള്ളതുപോലെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ആശുപത്രിയെ വീണ്ടും നല്ല നിലയിൽ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഡോക്ടർമാരേയും ജീവനക്കാരേയും നിയമിക്കാനും ഈ പറഞ്ഞ ഉപകരണങ്ങൾ ഇല്ലാത്ത പരിതസ്ഥിതി മനസ്സിലാക്കി ഉപകരണങ്ങൾ ആവശ്യമുള്ളത് വാങ്ങാനുള്ള സംവിധാനത്തിന് നേതൃത്വം കൊടുക്കാനും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, പരിയാരം മെഡിക്കൽകോളേജ് സ്ഥാപിച്ചപ്പോൾ അതിന് അംഗീകാരം കിട്ടണമെങ്കിൽ വിദ്യാർത്ഥികളും കിടക്കകളും തമ്മിലുള്ള റേഷ്യോ സംബന്ധിച്ചിടത്തോളം തളിപ്പറമ്പ് താലൂക്കാശുപത്രി കൂടി അതിൽ ഉൾപ്പെടുത്തിയാലേ അംഗീകാരം കിട്ടുകയുള്ളുവെന്ന് വന്നു. കേരളത്തിലെ മെഡിക്കൽ കോളേജുകളെല്ലാം ആരംഭിച്ചപ്പോൾ നിലവിലുള്ള മെഡിക്കൽ കോളേജുകളും ഹെൽത്ത്സർവീസ്സിന്റെ കീഴിലുള്ള താലൂക്കാശുപത്രികളും ആദ്യഘട്ടങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് അംഗീകാരം കിട്ടാറുള്ളത്. പിന്നീടാണ് മുഴുവൻ കെട്ടിടങ്ങളുടെയും പണി പൂർത്തീകരിക്കപ്പെടുന്നത്. എന്നാൽ തളിപ്പറമ്പ് താലൂക്കാശുപത്രി പരിയാരം മെഡിക്കൽകോളേജിന്റെ അംഗീകാരത്തിനുവേണ്ടി പരിയാരം മെഡിക്കൽകോളേജിനു വിട്ടുകൊടുക്കാൻ തീരുമാനിച്ചപ്പോൾ അന്ന് ശക്തിയായി എതിർപ്പുണ്ടായി, പിന്നീട് അവരെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ ഏർപ്പാടു ചെയ്തു. എതിർപ്പുകൾ കുറഞ്ഞുവെങ്കിലും പരിയാരം മെഡിക്കൽകോളേജ് വലിയ നഷ്ടമായിരുന്നു. കാരണം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത് ഒരു ആട്ടോണമസ് ബോഡിയായി പ്രവർത്തിക്കുന്ന പരിയാരം മെഡിക്കൽകോളേജിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ധർമ്മാശുപത്രി എന്ന സങ്കൽപത്തിൽ ഇതിനെ ഉപകരിക്കാൻ കഴിയുമായിരുന്നില്ല. പരിയാരം മെഡിക്കൽകോളേജിൽ മെഡിക്കൽ കമ്മീഷൻ വന്നപ്പോൾ താലൂക്കാടിസ്ഥാനത്തിൽ തളിപ്പറമ്പ് ആശുപത്രിയിലുള്ള സ്ഥിതി ഒരു മെഡിക്കൽകോളേജിന്റെ നിലവാരത്തിലേക്ക് എത്തുന്നില്ല എന്ന സൂചനയും അവർ നൽകുകയുണ്ടായി. പരിയാരം മെഡിക്കൽ കോളേജിനാവശ്യമായ കിടക്കകളുടെ എണ്ണം ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ നോംസ് അനുസരിച്ച് പൂർത്തീകരിക്കപ്പെടുമെന്ന് വന്നപ്പോൾ പരിയാരം മെഡിക്കൽകോളേജിനോട് അനുബന്ധമായി പ്രവർത്തിച്ചിരുന്ന താലൂക്കാശുപത്രി പഴയതുപോലെ താലൂക്കാശുപത്രിയിലേക്ക് പോകുമെന്ന ആദ്യത്തെ ഉറപ്പ് ഗവൺമെന്റ് നടപ്പാക്കുകയായിരുന്നു. അതിന്റെ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഈ കഴിഞ്ഞ ജൂൺ 16 മുതൽ പ്രസ്തുത സ്ഥാപനം ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന താലൂക്കാശുപത്രിയായി പുനഃസ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ട്. 159 കിടക്കകളുള്ള ഈ ആശുപത്രിക്ക് ആവശ്യമായ പശ്ചാത്തല സൗകര്യം പഴയതുപോലെതന്നെ നിലനിൽക്കുന്നുണ്ട്. ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ, പി.പി.എസ്.വാർഡ്, ലബോറട്ടറി, എക്സ്റേ എന്നീ സൗകര്യങ്ങൾ അവിടെയുണ്ട്. 10 ഡോക്ടർമാരുടെ തസ്തികകളായിരുന്നു താലൂക്കാശുപത്രിയായിരുന്നപ്പോൾ ഉണ്ടായിരുന്നത്. അതിൽ 5 ഡോക്ടർമാരെ തിരിച്ച് അവിടെ പോസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റുള്ള അഞ്ചുപേരെ പോസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നേഴ്സിംഗ് ഫാർമസിസ്റ്റ്, നേഴ്സിംഗ് അസിസ്റ്റന്റ്, തുടങ്ങിയ മുഴുവൻ പാരാ മെഡിക്കൽ ജീവനക്കാരേയും, മിനിസ്റ്റീരിയൽ ജീവനക്കാരേയും അവിടെ നിയമിച്ചിട്ടുണ്ട്. ചിലപ്പോൾ അവർ ചാർജ് എടുക്കാൻ ദിവസങ്ങൾ എടുക്കും, 16-ാം തീയതിക്കുശേഷമാണ് ഉത്തരവ് വന്നത്, അതിനുശേഷമാണ് ട്രാൻസ്ഫറും അതുപോലെ പോസ്റ്റിംഗും നടക്കുന്നത്. ഡോക്ടർമാർ അടക്കം ഒഴിവുള്ള തസ്തികകൾ മുഴുവൻ എത്രയും പെട്ടെന്ന് നികത്താൻ നടപടി സ്വീകരിച്ചുവരുന്നു. മുമ്പുണ്ടായിരുന്ന പഴയ ചില സാധനസാമഗ്രികൾ അവിടെനിന്നും മാറ്റി പുതിയത് സ്ഥാപിച്ചിട്ടുണ്ട്. അതിനുപകരം മെഡിക്കൽകോളേജിന്റെ സാധനങ്ങൾ ഇവിടെനിന്നും അങ്ങോട്ടുമാറ്റുമ്പോൾ താലൂക്കാശുപത്രിക്ക് ആവശ്യമായ സൗകര്യം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് നിയമപരമായി നേരത്തെ കൊടുത്ത ഉറപ്പ് പാലിക്കുന്നു. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് താലൂക്കാശുപത്രിക്ക് ഇടക്കാലത്ത് വന്നിട്ടുള്ള സൗകര്യങ്ങൾ വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. പുതിയ തസ്തികകൾ കൂടി അവിടെ നികത്തപ്പെട്ടാൽ പഴയ താലൂക്കാശുപത്രിയേക്കാൾ മെച്ചപ്പെട്ട സ്ഥിതിയുണ്ടാകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. പരിയാരം മെഡിക്കൽകോളേജിനെക്കൂടി ബാധിക്കുമെന്ന കാര്യമായതുകൊണ്ട്, ഈ ഗവൺമെന്റ് ഈ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകും.

(8) മട്ടാഞ്ചേരി മണ്ഡലത്തിലെ ബീച്ച് റോഡ്, പപ്പങ്ങമുത്തു എന്നീ സ്ഥലങ്ങളിൽ കടൽ ഭിത്തി നിർമ്മാണം

ശ്രീ. എം.എ. തോമസ് : എന്റെ നിയോജകമണ്ഡലമായ മട്ടാഞ്ചേരിയുടെ തീരപ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷമായി തുടരുകയാണ്. ബീച്ച് റോഡ്, പപ്പങ്ങമുത്തു എന്നീ സ്ഥലങ്ങളിൽ അതിരൂക്ഷമായി ഇത് അനുഭവപ്പെടുകയാണ്. ഏതാണ്ട് 13 വീടുകൾ കടൽക്ഷോഭത്തിൽ തകർന്നുപോകുവാൻ സാദ്ധ്യതയുണ്ട്. വർഷങ്ങളായി ഇവിടെയുള്ള ആളുകൾ കടലാക്രമണം മൂലം ദുരിതം അനുഭവിക്കുകയാണ്. ഇതിന് ശാശ്വതമായ ഒരു പരിഹാരം കരിങ്കൽ ഭിത്തി കെട്ടുകയാണ്. ഇനി ഈ കാര്യത്തിൽ കാലതാമസം വരുത്താതെ കരിങ്കൽ ഭിത്തി കെട്ടുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, മട്ടാഞ്ചേരി മണ്ഡലത്തിൽ ബീച്ച് റോഡ് ഫിഷിംഗ് ഗ്യാപ്പ് അടയ്ക്കുന്നതിനു വേണ്ടി 7.36 ലക്ഷം, 7.30 ലക്ഷം രൂപവീതം എസ്റ്റിമേറ്റ് തുകവരുന്ന രണ്ട് പണികൾക്കുവേണ്ടി ദർഘാസ് 4-5-1999-ൽ എറണാകുളം ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്. നിയമാനുസൃതം ചീഫ് എഞ്ചിനീയർമാർ ഉൾക്കൊള്ളുന്ന ടെന്റർ കമ്മിറ്റി ഈ ദർഘാസുകൾ അംഗീക
207/2010.

LIBRARY ARCHIVES Kerala Legislative Assembly